| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| **അഞ്ചാം സമ്മേളനം** | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7111 | 16-7-2012 - ൽ മറുപടിക്ക് |
| **മാവേലിക്കര മണ്ഡലത്തിൽ വി. എച്ച്. എസ്.ഇ.** | |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളിൽ പുതുതായി വി.എച്ച്.എസ്.ഇ.യോ വി.എച്ച്.എസ്.ഇ.യ്ക്ക് അധിക ബാച്ചോ നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്കൂളുകളിൽ ആണ് എന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിനോ, അധിക ബാച്ചുകൾ ആരംഭിക്കുന്നതിനോ സർക്കാർ തീരുമാനം എടുത്തിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ സർക്കാർ - എയിഡഡ് സ്കൂളുകളിൽ ലൈബ്രറി ഇല്ലാത്ത സ്കൂളുകൾ ഉണ്ടോ; എൽ. പി., യു. പി., എച്ച്.എസ്., എച്ച്.എസ്.എസ്. തലം തിരിച്ച് വിശദമാക്കുമോ; | (ബി) | ഉണ്ട്. ഗവൺമെന്റ് തലത്തിൽ 637 എൽ.പി. സ്കൂൾ, 145 യു.പി.സ്കൂൾ, 21 ഹൈസ്കൂൾ, എയ്ഡഡ് തലത്തിൽ 749 എൽ.പി..സ്കൂൾ, 185 യു.പി.സ്കൂൾ, 6 ഹൈസ്കൂൾ. സംസ്ഥാനത്തെ എല്ലാ സർക്കാർ / എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും ലൈബ്രറികൾ ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | ലൈബ്രറികളിലേക്ക് പുസ്തകം വാങ്ങുന്നതിന് എന്തൊക്കെ ഫണ്ടുകൾ ആണ് നിലവിൽ ഉള്ളത് എന്ന് വ്യക്തമാക്കുമോ; ലൈബ്രറികളിലേക്ക് പുസ്ത കങ്ങൾ വാങ്ങുന്നതിന് എന്തെങ്കിലും മാനദണ്ഡ ങ്ങൾ ഉണ്ടോ? | (സി) | വകുപ്പിന് പദ്ധതി വിഹിതമായി ലഭിക്കുന്ന തുകയിൽ നിന്നും, സ്കൂളുകളുടെ പി.ഡി. അക്കൗണ്ടിൽ വിനിയോഗിക്കാതെ കിടക്കുന്ന തുകയിൽ നിന്നും , അഡ്മിഷൻ സമയത്ത് ശേഖരിക്കുന്ന പി.ടി.എ ഫണ്ട് എന്നിവയിൽ നിന്നും ലൈബ്രറി പുസ്തകങ്ങൾ വാങ്ങാൻ വിഹിതം അനുവദിക്കാറുണ്ട്.<br><br>ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ കൺവീനറും ഓരോ വിഷയത്തിലേയും സീനിയറായ അദ്ധ്യാപകർ പ്രതിനിധിയുമായ ഒരു കമ്മിറ്റി രൂപീകരിച്ച്, കമ്മിറ്റി തീരുമാനിക്കുന്ന പുസ്തകങ്ങൾ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ച് വാങ്ങുന്നു. |

സെക്ഷൻ ഓഫീസർ